പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1642

10.02.2020-ൽ മറുപടിക്ക്

<u>ഐ.കെ.എം. ജീവനക്കാരുടെ ലീവ് സറണ്ടർ</u>

| <u>ചോദ്യം</u><br>ശ്രീ.ജെയിംസ് മാത്യു | <u>മറുപടി</u><br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|
| എ) സർക്കാർ കത്ത് നമ്പർ.ഐ.ബി1/188/2016/LSGD, ഐ.ബി1/78/2018/LSGD പ്രകാരം ലീവ് സറണ്ടർ വിഷയത്തിൽ , സർക്കാർ ഐ.കെ.എമ്മിന് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കാമോ; | എ) പ്രസ്തുത കത്തുകളുടെ പകർപ്പുകൾ അനുബന്ധം -1 ആയി ചേർക്കുന്നു. |
| ബി) ഐ.കെ.എം., ഇ.ഡി. യുടെ ഓഫീസ് ഓർഡർ നം.1162/E1/2018 പ്രകാരം എന്താണ് നിർദ്ദേശിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ; | ബി), സി), & ഡി) വിശദ വിവരങ്ങൾ ഇൻഫർമേഷൻ കേരള മിഷനിൽ നിന്ന് ശേഖരിച്ച് സമർപ്പിക്കുന്നതാണ്. |
| സി) ഐ.കെ.എം. സൂചിക ഫയൽ നമ്പർ: 2721/2018 ന്റെ കുറിപ്പ്/നടപ്പ് ഫയലിന്റെ ശരി പകർപ്പ് ലഭ്യമാക്കുമോ; ലീവ് സറണ്ടർ മുൻകാല പ്രബല്യത്തിൽ ആവശ്യപ്പെട്ട് എത്ര അപേക്ഷകൾ ഐ.കെ.എമ്മിൽ ലഭിച്ചു; ഇവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | |

ഡി) എ.ജി. യുടെ 2016-17, 2017-18 ഓഡിറ്റ് റിപ്പോർട്ടിൽ ആർജ്ജിതാവധി സംബന്ധിച്ച പരാമർശം എന്തായിരുന്നു എന്ന് അറിയിക്കാമോ; ഇതിൽ ഐ.കെ.എം. സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; എ.ജി. യുടെ 23/10/2019 ലെ ഓഡിറ്റ് എൻക്വയറി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇത് പ്രകാരം എ.ജി. ക്ക് നൽകിയ മറുപടി ലഭ്യമാക്കുമോ;

ഇ) 2011 മുതൽ ധനകാര്യ പരിശോധനാ വിഭാഗം ഐ.കെ.എമ്മിൽ നടത്തിയ പരിശോധനാ റിപ്പോർട്ടുകളുടെ പകർപ്പും, അത് പ്രകാരം ഐ.കെ.എമ്മിൽ സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

ഇ) 16.10.2015-ലെ അർദ്ധ ഔദ്യോഗിക കത്ത് പ്രകാരം ലഭിച്ച ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു. ഈ വിഷയത്തിൽ നടപടി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. മറ്റു വർഷങ്ങളിലെ പരിശോധനാ റിപ്പോർട്ട് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

അനുബന്ധം - 1

കേരള സർക്കാർ

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്

നം. തസ്വഭവ-ഐബി1/188/2016-തസ്വഭവ

തിരുവനന്തപുരം
തിയതി, 10.08.2016

പ്രിൻസിപ്പൽ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ

സർ,

വിഷയം:- തസ്വഭവ - ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിക്കണമെന്ന ആവശ്യം - സംബന്ധിച്ച്

സൂചന:- താങ്കളുടെ 03.06.2016 ലെ 679/E4/2016/IKM നമ്പർ കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇൻഫർമേഷൻ കേരള മിഷന്റെ ഘടനയും ജീവനക്കാരെ ഏറ്റെടുത്ത് സ്ഥിരപ്പെടുത്തലും (Organisational Structure and Absorption of Staff) സംബന്ധിച്ച് പഠനം നടത്തുന്നതിന് ശ്രീ.എസ്.ദിവാകരൻ പിള്ള ചെയർമാനായി നിയോഗിച്ച സമിതി 05/02/2016 ൽ സമർപ്പിച്ച എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളിൽ അന്തിമ തീരുമാനം ആയതിന് ശേഷം മേൽ വിഷയം പരിശോധിച്ചാൽ മതിയാകുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**കെ.എസ്.ബിന്ദു**
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ.

**ഭരണഭാഷ - മാതൃഭാഷ**

കേരള സർക്കാർ

നം.തസ്വഭവ-ഐബി1/78/2018-തസ്വഭവ

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്
തിരുവനന്തപുരം, തീയതി, 03.2018,

അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ
ഇൻഫർമേഷൻ കേരള മിഷൻ

സർ,

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ഇൻഫർമേഷൻ കേരള മിഷൻ – ജീവനക്കാരുടെ ലീവ് സറണ്ടർ സംബന്ധിച്ച്.

സൂചന:- 1) 31/08/2017-ലെ G.O(P)No.176/2017/LSGD
2) താങ്കളുടെ ഓഫീസിലെ 05/03/2018-ലെ 365/ഇ 4/ഐ.കെ.എം നമ്പർ കത്ത്

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഐ.കെ.എം പുനരുദ്ധാരണവും, ശമ്പളപരിഷ്കരണവും സംബന്ധിച്ച നാലംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് അംഗീകരിച്ച് കൊണ്ടുള്ള പരാമർശ ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഐ.കെ.എം -ൽ സർവ്വീസ് റൂൾസ് രൂപീകരിക്കുന്നതുവരെ കേരള സർവ്വീസ് റൂൾസ് ബാധകമാണെന്ന് അംഗീകരിച്ചിട്ടുള്ളതിനാൽ അവിടുത്തെ ജീവനക്കാർക്ക് വാർഷിക ഇൻക്രിമെൻറ്, ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. ടി ആനുകൂല്യങ്ങൾക്ക് 01/09/2017 മുതൽ പ്രാബല്യം നൽകാവുന്നതാണ്.

സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള കരട് പ്രോപ്പോസൽ താമസംവിനാ സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,,

ശ്രീകല സി.എസ്
ഡെപ്യൂട്ടി സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

അംഗീകാരത്തോടെ,
Sd/-
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ.

317042/2015/LSGD

അനുബന്ധം - 2

1

No.29815./FIW-H2/13/Fin.

**<u>ധനകാര്യ (പരിശോധന എൻ.ടി - എച്ച്) വിഭാഗം</u>**
**<u>ഇൻഫർമേഷൻ കേരള മിഷനിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ട്</u>**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ നിയമനം, ശമ്പള വർദ്ധനവ് എന്നീ കാര്യങ്ങൾ ക്രമവിരുദ്ധമായി നടത്തുന്നതായി ശ്രീ. ബനഡി വി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധന എൻ.ടി (എച്ച്) വിഭാഗം ഇൻഫർമേഷൻ കേരള മിഷനിൽ പരിശോധന നടത്തുകയുണ്ടായി. പരാതിയിലെ പ്രധാന ആരോപണങ്ങൾ ചുവടെ ചേർക്കുന്നു.

1) ശമ്പള പരിഷ്കരണത്തിനായി സർക്കാരിലേക്ക് നൽകിയ പ്രൊപ്പോസലിൽ പല ജീവനക്കാരുടേയും സേവന കാലയളവ് യഥാർത്ഥത്തിൽ ഉള്ളതിനെക്കാൾ കൂടുതലാക്കി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിലൂടെ സർക്കാരിന് 6 കോടി രൂപയുടെ അധിക ചെലവ് ഉണ്ടായി.

2) പിരിഞ്ഞുപോയവർക്ക് പകരം നിയമനം നടത്തുന്നതിലും, പുതിയ നിയമനങ്ങൾ നടത്തുന്നതിലും മാനദണ്ഡങ്ങൾ പാലിക്കുന്നില്ല.

3) ജീവനക്കാരെ നിയമിക്കാൻ അധികാരമില്ലാത്ത ഉദ്യോഗസ്ഥൻ നിയമന ഉത്തരവ് ഒപ്പിട്ടിരിക്കുന്നു. ചില ജീവനക്കാർക്ക് മാത്രം ഇപ്രകാരം നിയമന ഉത്തരവ് ഒപ്പിട്ടു നൽകിയത് സാമ്പത്തിക ലാഭം കരുതിയാണ്.

കൂടാതെ ഇൻഫർമേഷൻ കേരള മിഷനിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ വേതനം സർക്കാർ അനുമതി കൂടാതെ വർദ്ധിപ്പിച്ചതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ധനകാര്യ വകുപ്പിനോട് അഭിപ്രായം ആരാഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ഡവലപ്മെന്റ് വിംഗ് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയ മറുപടിയിൽ സർക്കാർ അനുമതിയില്ലാതെയുള്ള വർദ്ധനവ് മൂലം അനുവദിച്ച അധിക തുക ജീവനക്കാരിൽ നിന്നും തിരിച്ചു പിടിക്കാനും ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാനും ഭരണ വകുപ്പിനെ ഉപദേശിക്കുകയും, ഇതു സംബന്ധിച്ച് വിശദമായ പരിശോധന നടത്താൻ ധനകാര്യ പരിശോധന (എൻ.ടി- എച്ച്) വിഭാഗത്തോട് ആവശ്യപ്പെടുകയും ചെയ്തു.

മേൽപ്പറഞ്ഞ ആരോപണങ്ങൾ സംബന്ധിച്ച് ധനകാര്യ പരിശോധന എൻ.ടി (എച്ച്) വിഭാഗത്തിന്റെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

**<u>ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് ശമ്പളം കൂട്ടി നൽകിയത് സംബന്ധിച്ച്</u>**

14.11.2011-ലെ സ.ഉ.(സാധാ) നം.2653/2011/ത.സ്വ.ഭ.വ. പ്രകാരം ഇൻഫർമേഷൻ കേരള മിഷനിലെ ശമ്പള ഘടന സംബന്ധിച്ച് പഠനം നടത്തി ശമ്പള പരിഷ്കരണത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി.

No.29815./FIW-H2/13/Fin.

24.11.2011-ൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ കൂടിയ കമ്മിറ്റിയുടെ യോഗത്തിൽ 18.06.2011-ലെ G.O.(P) No.264/11/Fin. ഉത്തരവിന്റെ ചുവട് പിടിച്ച് ടെക്നിക്കൽ സ്റ്റാഫിന്റെ ശമ്പളം ദിവസം 450/- രൂപ വീതം ഒരു മാസത്തേക്ക് 13,500/- രൂപ, സാങ്കേതികേതര ജീവനക്കാരുടെ ശമ്പളം ദിവസം 350/- രൂപ വീതം ഒരു മാസത്തേക്ക് 10,500/- രൂപ എന്നിങ്ങനെ നിജപ്പെടുത്തി മറ്റൊരു സംവിധാനം ഉണ്ടാകുന്നത് വരെ നൽകാൻ തീരുമാനിച്ചു. 18.06.2011-ലെ പ്രസ്തുത ഉത്തരവ് കമ്പ്യൂട്ടർ ഓപ്പറേറ്റർ, ജൂനിയർ പ്രോഗ്രാമർ തസ്തികകളെ സംബന്ധിക്കുന്നതായിരുന്നു. കൂടാതെ മേൽ കമ്മിറ്റി രൂപീകരിച്ചതിന്റെ ലക്ഷ്യം ഇൻഫർമേഷൻ കേരള മിഷനിലെ ശമ്പള ഘടന സംബന്ധിച്ച് പഠനം നടത്തി ശമ്പള പരിഷ്കരണ പ്രൊപ്പോസൽ സമർപ്പിക്കുക എന്നതായിരുന്നു. 24.11.2011-ലെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 20.12.2011-ലെ IKM/Estt/030/Pay Revision/2011 ഉത്തരവിൻ പ്രകാരം സാങ്കേതിക വിഭാഗം ജീവനക്കാരുടെ മിനിമം ശമ്പളം 13,500/- രൂപയായും, സാങ്കേതികേതര വിഭാഗം ജീവനക്കാരുടെ ശമ്പളം 10,500/- രൂപയായും വർദ്ധിപ്പിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ദിവസ വേതനക്കാരുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച ഉത്തരവിനെ തെറ്റായി വ്യാഖ്യാനിക്കുകയും, പ്രൊപ്പോസൽ നൽകാൻ രൂപീകരിച്ച കമ്മിറ്റിയുടെ നിർദ്ദേശം തീരുമാനമായി കണക്കാക്കുകയും ചെയ്തുകൊണ്ട് സർക്കാർ അനുമതി കൂടാതെ നടത്തിയ ശമ്പള പരിഷ്കരണം ക്രമവിരുദ്ധമായ നടപടിയാണ്. ദിവസ വേതനക്കാർക്ക് മാസത്തിലെ മുഴുവൻ ദിവസവും ജോലി ചെയ്തതായി കണക്കാക്കി 13,500/- രൂപ, 10,500/- രൂപ എന്നിങ്ങനെ ശമ്പളം നിജപ്പെടുത്തിയതും തെറ്റായ നടപടിയാണ്. കൂടാതെ ദിവസ വേതനക്കാരുടെ ശമ്പള വർദ്ധനവിനായുള്ള ഉത്തരവിന്റെ ചുവടു പിടിച്ച് റെഗുലർ ജീവനക്കാരുടെ ശമ്പള വർദ്ധനവാണ് നടത്തിയിരിക്കുന്നത്.

മേൽ കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സിൽ ശമ്പള പരിഷ്കരണം നടപ്പാക്കുന്നതിന് മുമ്പ് അവശ്യം വേണ്ട സർക്കാർ അനുമതി നേടിയിരിക്കണം എന്ന് വ്യക്തമാക്കിയിരുന്നു. എന്നാൽ ഇതും പാലിച്ചിട്ടില്ല. നിലവിലുള്ള ശമ്പളം എത്രയാണ് എന്നത് പരിഗണിക്കാതെയാണ് ഈ വർദ്ധനവ് നടപ്പിലാക്കിയത്. അതായത് 5,775/- രൂപ ശമ്പളം വാങ്ങുന്നയാളിനും, 12,404/- രൂപ ശമ്പളം വാങ്ങുന്നയാളിനും 13,500/- രൂപ തന്നെയാണ് പുതുക്കിയ ശമ്പളം. ചുരുക്കത്തിൽ യാതൊരു മാനദണ്ഡവും പാലിക്കാതെ തികച്ചും ക്രമവിരുദ്ധവുമായിട്ടാണ് പ്രസ്തുത ശമ്പള പരിഷ്കരണം നടപ്പിലാക്കിയിരിക്കുന്നത് എന്ന് വ്യക്തമാണ്.

**കരാർ ജീവനക്കാർക്ക് സേവനകാലം ഉയർത്തിക്കാണിച്ച് അനർഹമായി ശമ്പള നിർണ്ണയം നടത്തി എന്നത് സംബന്ധിച്ച്**

03.12.2008-ലെ G.O. (Ms) No.320/08/LSGD, 20.08.2009ലെ G.O.(Ms) No.163/2009/LSGD എന്നീ ഉത്തരവുകൾ പ്രകാരം നടത്തിയ ശമ്പള പരിഷ്കരണത്തിൽ ചുവടെപ്പറയുന്ന ജീവനക്കാർക്ക് സേവനകാലം കൂടുതൽ കാണിച്ചതായാണ് പരാതിയിൽ വ്യക്തമാകുന്നത്.

| | | |
|---|---|---|
| 1 | ജയകുമാർ. വൈ | സയന്റിസ്റ്റ് |

317042/2015/LSGD

3

No.29815./FIW-H2/13/Fin.

| | | |
|---|---|---|
| 2 | രജിത. എ. കെ | പ്രോഗ്രാമർ |
| 3 | ആനന്ദ് | ടെക്നിക്കൽ അസിസ്റ്റന്റ് |
| 4 | ഖലീൽ റഹ്മാൻ | സീനിയർ ഡിസൈനർ |
| 5 | നാരായണൻ. എൻ.ജി | ട്രെയിനർ |
| 6 | പ്രേമ. ആർ | പ്രോഗ്രാമർ - I |
| 7 | ജയമോൻ. ഡി | ടെക്നിക്കൽ അസിസ്റ്റന്റ് - II |
| 8 | വരുൺ. എസ് | ടെക്നിക്കൽ അസിസ്റ്റന്റ് - II |
| 9 | സതി രഞ്ജി | പ്രോഗ്രാമർ - I |
| 10 | ഗോപിനാഥൻ. കെ | പ്രോജക്ട് അസോസിയേറ്റ് - II |
| 11 | ദിൽഷ. എസ്. | ടെക്നിക്കൽ അസിസ്റ്റന്റ് - II |

**കണ്ടെത്തലുകൾ**

ഇൻഫർമേഷൻ കേരള മിഷനിലെ പ്രോജക്ട് ജീവനക്കാരുടെ പ്രതിഫലം 01.11.2007-ാം തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിച്ച് ഉത്തരവായതായിരുന്നു. 03.12.2008-ലെ സർക്കാർ ഉത്തരവ്. സാങ്കേതികേതര വിഭാഗം ജീവനക്കാരുടെയും ശമ്പളം 20.08.2009-ലെ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിരുന്നു. മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മുകളിൽ പരാമർശിച്ച ജീവനക്കാരുടെ ശമ്പളം നിർണ്ണയിച്ചതും അതിനുവേണ്ടി കണക്കാക്കിയ സേവനകാലവും ചുവടെ ചേർക്കുന്നു.

| Sl. No. | Name and Designation | Date of entry in Regular service | Daily wages | Date of Entry Reckoned for pay fixation | Qualifying service computed as per Column No.V | Pay fixed at as per Column No. VI and date of effect |
|---|---|---|---|---|---|---|
| (i) | (ii) | (iii) | (iv) | (v) | (vi) | (vii) |
| 1 | Jayakumar. Y Manager (Technical) | 01.10.2004 | 18.01.2002 | 18.01.2002 | 6 years | `16,900/- 18.01.2008 |
| 2 | Ranjitha. A. K Senior Programmer | 01.10.2004 | 05.04.2001 | 05.04.2001 | 6 years | `26,000/- 01.11.2007 |
| 3 | Anand. U R Senior Technical Officer | 01.10.2004 | 01.10.2000 | 01.10.2000 | 8 years | `15,400/- 01.10.2008 |
| 4 | Khaleel Rahman, Senior Technical Officer | 20.02.2007 | 09.07.2003 | 09.07.2003 | 5 years | `16,250/- 09.07.2008 |
| 5 | Narayanan Namboodiri. G Programmer-I | 01.04.2005 | 01.05.2003 | 01.05.2003 | 4 years 6 months | `17,400/- 01.11.2007 |
| 6 | Jayamon. D Senior Technical Assistant-II | 01.04.2005 | 01.01.2003 | 01.01.2003 | 5 years | `11,250/- 01.01.2008 |
| 7 | Sathi Renji Programmer-II | 01.10.2005 | 01.10.2003 | 01.10.2003 | 6 years | `20,800/- 01.10.2009 |

| | | | | | | |
|---|---|---|---|---|---|---|
| 8 | Prema. R<br>Programmer-II | 01.10.2005 | 01.04.2004 | 01.04.2004 | 4 years | 17,400/-<br>01.01.2008 |

പ്രോജക്റ്റ് സ്റ്റാഫിന്റെ പ്രതിഫലം പുതുക്കിയ 03.12.2008-ാം തീയതിയിലെ ഉത്തരവിൽ ഖണ്ഡിക നം. 3-d(I) പ്രകാരം, ഇൻഫർമേഷൻ കേരള മിഷനിൽ പൂർത്തിയാക്കിയ ഓരോ വർഷവും, നിർദ്ദിഷ്ട അടിസ്ഥാന ശമ്പളത്തിന്റെ 5% Fitment Benefit ആയി അനുവദിച്ച് ഉത്തരവായിരുന്നു. ഇതനുസരിച്ച്, മേൽ ജീവനക്കാർക്ക്, തങ്ങളുടെ താൽക്കാലിക ജീവനകാലവും Fitment Benefit ന് അർഹതയുണ്ട്. ആയതിനാൽ, ഇപ്രകാരം നിർണ്ണയിച്ച അടിസ്ഥാന ശമ്പളത്തിൽ അസ്വാഭാവികത കാണുന്നില്ല.

<u>ടെക്നിക്കൽഅസിസ്റ്റന്റുമാരുടെ നിയമനം സംബന്ധിച്ച്</u>

IKM/Estt/Selection-01/2011 dt. 11.05.2011 ലെ ഒരു ഫയലിലെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ 2011 മെയ് മാസത്തിൽ 60 പേരെ ടെക്നിക്കൽ അസിസ്റ്റന്റ് നിയമനത്തിനായുള്ള ഇന്റർവ്യൂവിന് ക്ഷണിച്ചിരിക്കുന്നതായി കാണുന്നു. എന്നാൽ ഇതു സംബന്ധിച്ച് യാതൊരുവിധ പരസ്യവും നൽകിയതായി കാണുന്നില്ല. യോഗ്യതാ നിർണ്ണയത്തിനായി പരീക്ഷകൾ ഒന്നും നടത്തിയിട്ടില്ല. 60 പേർ അപേക്ഷ നൽകിയതായി കാണുന്നു. ഇന്റർവ്യൂ നടത്തി 15 പേരെ ശുപാർശ ചെയ്തിരിക്കുന്നു. ഇതിൽ 10 പേരെ നിയമിച്ചിട്ടുണ്ട്.

ജയരാജ് ആർ.ജെ, മണക്കാട് എന്നയാൾ മലപ്പുറം ജില്ലയിൽ താനൂർ ബ്ലോക്കിൽ നിയമനം കിട്ടിയതിനാൽ തിരുവനന്തപുരത്തേക്ക് മാറ്റമോ, അല്ലാത്തപക്ഷം ജോലിയിൽ നിന്ന് വിടുതലോ നൽകാൻ ആവശ്യപ്പെട്ടു. തുടർന്ന് ടിയാളെ 07.06.2011-ൽ വിടുതൽ ചെയ്തു.

ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നത് സംബന്ധിച്ച് നടപടി ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഒഴിവുകൾ നിലവിലുള്ളതാണോ, പുതിയ തസ്തികകളാണോ എന്നീ കാര്യങ്ങളിൽ വ്യക്തത നൽകിയിട്ടില്ല. യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചതായോ ഏതെങ്കിലും തരത്തിലുള്ള മത്സര പരീക്ഷകൾ നടത്തിയതായോ പരിശോധനാ വിഭാഗത്തിന് കണ്ടെത്താനായില്ല. 60 ഉദ്യോഗാർത്ഥികൾ അപേക്ഷ നൽകിയത് എന്ത് അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നുംതന്നെ ലഭ്യമാക്കിയിട്ടില്ല. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇൻഫർമേഷൻ കേരള മിഷന്റെ ടെക്നിക്കൽ സ്റ്റാഫിന്റെ കുറവ് അനുഭവപ്പെട്ടതായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരും, ഇൻഫർമേഷൻ കേരള മിഷന്റെ ജില്ലാ പ്രതിനിധികളും അറിയിച്ചതിനാൽ ഈ കുറവ് നികത്താനായി പുതിയ ടെക്നിക്കൽ അസിസ്റ്റന്റുമാരെ നിയമിക്കാവുന്നതാണ് എന്ന ഫയൽ കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് നിയമനം.

<u>ജൂനിയർ പ്രോഗ്രാമർ നിയമനം</u>

No.29815./FIW-H2/13/Fin.

03.05.2010-ലെ ഒരു കുറിപ്പ് മാത്രമാണ് ഈ നിയമനം സംബന്ധിച്ച് കാണുന്നത്. ഒഴിവ് അറിയിക്കുകയോ, അപേക്ഷ ക്ഷണിക്കുകയോ ചെയ്യുന്നതായ യാതൊരു പരസ്യവും നൽകിയതായി കാണുന്നില്ല. 11.06.2010-ൽ ഇന്റർവ്യൂ നടത്തി നാല് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തിരിക്കുന്നു. ഇതിൽ നിന്നും സിബി. വി, ഷൈല്ല മൻസിൽ, തട്ടാമല, കൊല്ലം എന്നയാൾക്ക് നിയമനം നൽകിയിരിക്കുന്നു. സർക്കാരിന്റെ നിയന്ത്രണത്തിലോ സർക്കാർ ഫണ്ടുകൊണ്ടോ പ്രവർത്തിക്കുന്നതായ ഒരു സ്ഥാപനത്തിൽ നടത്തുന്ന നിയമനങ്ങളിൽ പാലിക്കേണ്ടതായ നടപടിക്രമങ്ങൾ മേൽ രണ്ട് നിയമനങ്ങളിലും പാലിച്ചിട്ടില്ല.

**<u>ജീവനക്കാരെ നിയമിക്കാൻ അധികാരമില്ലാത്ത ഉദ്യോഗസ്ഥൻ നിയമന ഉത്തരവ് ഇട്ടത് സംബന്ധിച്ച്</u>**

02.05.2003-ലെ ഡെലിഗേഷൻ ഓഫ് പവർ സംബന്ധിച്ച ഉത്തരവ് പ്രകാരം 10,000/- രൂപയ്ക്ക് മേൽ consolidated pay ഉള്ള തസ്തികകളിലേക്ക് നിയമനം നടത്തേണ്ടത് Honorary Mission Director (HMD) ആണ്. എന്നാൽ 12,000/- രൂപ ശമ്പളമുള്ള സയന്റിസ്റ്റ്/എഞ്ചിനീയർ, സീനിയർ പ്രോഗ്രാമർ എന്നീ തസ്തികകളുടെ നിയമന ഉത്തരവ് ഇട്ടിരിക്കുന്നത് എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം Group Director ആണ്. ഇത്തരത്തിൽ പല നിയമന ഉത്തരവുകളും നൽകിയിരിക്കുന്നതായി കാണുന്നു.

**<u>നിർദ്ദേശങ്ങൾ</u>**

1) ശമ്പള പരിഷ്കരണത്തിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ രൂപീകരിച്ച കമ്മിറ്റി സർക്കാർ അനുമതിയോടുകൂടി ശമ്പള വർദ്ധന വരുത്താൻ നിർദ്ദേശിച്ചിട്ടും, സർക്കാർ അനുമതിയില്ലാതെ തന്നെ നടപ്പിലാക്കിയ വർദ്ധനയിലൂടെ നൽകിയ അധിക തുകയായ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ ശ്രീ. എം.ഷംസുദ്ദീന്റെ ബാദ്ധ്യതയായി കണക്കാക്കി കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടുന്നു.

2) ഇൻഫർമേഷൻ കേരള മിഷനിൽ നടത്തുന്ന എല്ലാ നിയമനങ്ങളും നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുതന്നെ നടത്തേണ്ടതാണ്. ഇതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പോലെയുള്ള നിയമപരമായ സംവിധാനങ്ങൾ തന്നെ ഉപയോഗിക്കാൻ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) മേൽ നിർദ്ദേശങ്ങൾ നടപ്പാക്കി വിവരം ഈ വകുപ്പിനെ അടിയന്തിരമായി അറിയിക്കേണ്ടതാണ്.

അഡീഷണൽ സെക്രട്ടറി

Signature valid

Digitally signed by
CHANDRAMOH
Date: 2 09.0 :34:06 IST
Reason:

Amrilal
സെക്ഷൻ ഓഫീസർ

I/302741.1/2015



GOVERNMENT OF KERALA
LOCAL SELF GOVERNMENT (IB) DEPARTMENT

No. LSGD-IB1/274/2015-LSGD

Thiruvananthapuram
Dated: 31.10.2015.

From

The Principal Secretary to Government

To

The Executive Director,
Information Kerala Mission

Sir,

Sub:- Local Self Government Department - Surprise Inspection conducted by the Finance Inspection wing - ATR called for - reg.

Ref:- D. O. Letter No. 29815/FIW- H2/13/Fin dated 16.10.2015 from the Secretary, Finance (Expenditure) Department

.........................

In forwarding herewith a copy of the inspection report received along with the reference cited, I am to request you to take necessary action on the recommendations of the Finance Inspection Wing and furnish the action taken report to Government urgently.

Yours faithfully,

**N. VISRUTHAN ACHARY**
Under Secretary to Government
for Principal Secretary to Government

Approved for Issue

Section Officer

***MOST URGENT***

**GOVERNMENT OF KERALA**

Local Self Government Department
28/05/2019,Thiruvananthapuram
Phone - 0471 2518611
e mail - lsgibdept@gmail.com

No-IB1/274/2015/LSGD

From
Additional Chief Secretary to Government

To
Executive Directtor,
Information Kerala Mission,
Thiruvananthapuram.

Sir,

Sub: Local Self Government Department-Surprise Inspection Conducted by the Finance Inspection Wing -ATR called for - Reg.

Ref: Government letter of even no. dated 31/10/2015.

I am to invite your attention to the reference cited and to request you to furnish the para wise Action Taken Report urgently.

Yours faithfully,
**JAYASREE.L**
**UNDER SECRETARY**
For Additional Secretary to Government.

Approved for Issue,

Section Officer.

I/3967482/2020

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നന്ദന ആർ പി
അണ്ടർ സെക്രട്ടറി

തദ്ദേശ സ്വയംഭരണ (ഐബി) വകുപ്പ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ :0471-2518611
തീയതി :03/01/2020

**അർദ്ധ ഔദ്യോഗിക കത്ത് നം.ഐബി1/274/2015/തസ്വഭവ**

പ്രിയപ്പെട്ട മാഡം,

ഇൻഫർമേഷൻ കേരളാ മിഷനിലെ ജീവനക്കാരുടെ നിയമനം, ശമ്പള വർദ്ധനവ് എന്നിവയിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ധനകാര്യ (ഇൻസ്പെക്ഷൻ-എൻ.റ്റി.-എച്ച്) വകുപ്പ് ഇൻഫർമേഷൻ കേരള മിഷനിൽ പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ടിലെ കണ്ടെത്തലുകൾ/ശുപാർശകൾ എന്നിവയിൻമേൽ 31.10.2015, 28.05.2019 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്തുകൾ പ്രകാരം താങ്കളുടെ റിപ്പോർട്ട് ആരാഞ്ഞിരുന്നു. എന്നാൽ നാളിതുവരെയായി ടി വിഷയം സംബന്ധിച്ച് താങ്കളുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽ പ്പെടുത്തുന്നു. ധനകാര്യവകുപ്പിന് അടിയന്തിരമായി നടപടി റിപ്പോർട്ട് നൽകേണ്ടതുള്ളതിനാൽ താങ്കൾ ഇക്കാര്യത്തിൽ വ്യക്തിപരമായ ശ്രദ്ധ പതിപ്പിച്ച്, ടി പരിശോധനാ റിപ്പോർട്ടിന്മേലുള്ള ഖണ്ഡികതിരിച്ചുള്ള വിശദമായ നടപടി റിപ്പോർട്ട് (അനുബന്ധ രേഖകളുടെ പകർപ്പ് സഹിതം) 20/1/2020-നകം ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആത്മാർത്ഥതയോടെ,

നന്ദന ആർ പി

ഡോ. ചിത്ര എസ്. ഐഎഎസ്,
എക്സിക്യൂട്ടീവ് ഡയറക്ടർ,
ഇൻഫർമേഷൻ കേരള മിഷൻ,
തിരുവനന്തപുരം

സെക്ഷൻ ഓഫീസർ.